Vol-1,N0:19
25-08-2007

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Archbishop Mar Joseph Powathil
**Commission Secretary**
Fr. Johny Kochuparambil mst

# ജാഗ്രത

**Vice-Chairmen**
Archbishop Dr. Daniel Acharuparambil
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

## പ്രധാനവാർത്തകൾ

01. ന്യൂനപക്ഷപദവി ഇല്ലാതാക്കാൻ ആസൂത്രിത ശ്രമം: ലാറ്റിൻ കാത്തലിക് അസംബ്ലി.
02. സഭകളുമായുള്ള ചർച്ചയ്ക്ക് കളമൊരുങ്ങിയില്ല; വിദ്യാഭ്യാസ രംഗത്ത് അനിശ്ചിതത്വം.
03. യുവാക്കളെ തിന്മയിലേക്ക് നയിക്കുന്നു-ഡോ. സൂസപാക്യം.
04. ദീപിക ദിനപത്രം സഭയ്ക്ക് തിരികെ നൽകാൻ തീരുമാനം.
05. എയ്ഡ്സ് : 6 മാസത്തിനിടെ മരിച്ചത് 94 പേർ.
06. 77 ശതമാനവും ജീവിക്കുന്നത് 20 രൂപയ്ക്ക്.
07. ചിക്കുൻ ഗുനിയ പഠനത്തിന് സമിതി.

## 01. ന്യൂനപക്ഷപദവി ഇല്ലാതാക്കാൻ ആസൂത്രിത ശ്രമം: ലാറ്റിൻ കാത്തലിക് അസംബ്ലി

(Malayalam Manorma 20-08-2007)

ന്യൂനപക്ഷ പദവി ഇല്ലാതാക്കാൻ സർക്കാർ ആസൂത്രിത ശ്രമം നടത്തുന്നതായി കൊടുങ്ങല്ലൂർ കോട്ടപ്പുറത്ത് ചേർന്ന കേരള റീജനൽലാറ്റിൻ കാത്തലിക് കൗൺസിൽ ജനറൽ അസംബ്ലി ആശങ്ക രേഖപ്പെടുത്തി. ഇത്തരം ശ്രമത്തെ ക്രിസ്തുമാർഗത്തിലൂടെ ചെറുത്തു തോല്പിക്കാനും യുവജനങ്ങളുടെ ആത്മീയത ശക്തിപ്പെടുത്താനും മൂന്നു ദിവസം ചേർന്ന അസംബ്ലി തീരുമാനമെടുത്തു. ലാറ്റിൻ സഭയുടെ കേരളത്തിലെ ആർച്ച് ബിഷപ്പുമാർ, ബിഷപ്പുമാർ, സന്യസ്തർ, അത്മായ യുവജന പ്രതിനിധികൾ എന്നിങ്ങനെ ഇരുനൂറോളം പേരാണ് അസംബ്ലിയിൽ പങ്കെടുത്തത്. സമാപന സമ്മേളനത്തോടനുബന്ധിച്ച് നയ വിശദീകരണ യോഗത്തിൽ ആർച്ച് ബിഷപ് ഡോ. സൂസപാക്യമാണ് നയപ്രഖ്യാപനം നടത്തിയത്. ലാറ്റിൻ സഭയുടെ കീഴിലെ സ്ഥാപനങ്ങളിൽ നിയമനത്തിനോ, പ്രവേശനത്തിനോ, തലവരി പണമോ, അമിതമായി ഫീസോ ഈടാക്കരുതെന്നു കർശന നിർദേശം നൽകിയിട്ടുണ്ട്. ആരെങ്കിലും അമിതമായി പണം വാങ്ങുന്നത് ശ്രദ്ധയിൽപ്പെടുത്തിയാൽ ശക്തമായ നടപടിയെടുക്കുമെന്ന് ആർച്ച് ബിഷപ് പറഞ്ഞു.

എന്നാൽ, പ്രവർത്തനത്തിന് പണം കണ്ടെത്താൻ ബുദ്ധിമുട്ടുള്ള സ്ഥാപനങ്ങളുണ്ട്. അവ സുതാര്യമായ രീതിയിൽ സംഭാവനകൾ രസീത് നൽകി സ്വീകരിച്ച് ഫണ്ട് സ്വരൂപിക്കും. സമദൂരം പാലിക്കുക എന്നതാണ് സഭയുടെ രാഷ്ട്രീയ നിലപാട് എങ്കിലും വിശ്വാസത്തിനും സഭയുടെ മൂല്യങ്ങൾക്കുമെതിരെ ആര് തീരുമാനങ്ങളെടുത്താലും 20 ലക്ഷത്തോളം ക്രൈസ്തവർ പ്രതികരിക്കും. നന്മ ചെയ്താൽ ഇടതായാലും വലതായാലും അംഗീകരിക്കും. ലാറ്റിൻ സമുദായത്തിന്റെ അവകാശങ്ങള അവഗണിക്കുന്നുണ്ട്. ഏത് രാഷ്ട്രീയ പാർട്ടി വന്നാലും ഇതാണ് സ്ഥിതി. ന്യായമായ അവകാശങ്ങൾ നേടിയെടുക്കാൻ യുവജനങ്ങളെ ശക്തരാക്കും. ഇതു വിലപേശലല്ല; എന്നാൽ സഭയുടെ മൂല്യങ്ങളെ ഇല്ലാതാക്കാൻ ശ്രമിച്ചാൽ വിലപേശലിനു തയ്യാറാകുമെന്നും ആർച്ച് ബിഷപ് മുന്നറിയിപ്പ് നൽകി. വർഗീയത വളർത്താൻ സഭ കൂട്ടുനിൽക്കില്ല. ഒരു വിഭാഗത്തേയും വേർതിരിച്ചു നിർത്തുന്നതിനെ സഭ അനുകൂലിക്കുന്നില്ല. അങ്ങനെയൊരു ശ്രമം സർക്കാർ നടത്തുന്നുണ്ടെങ്കിൽ സർക്കാരിന്റെ ധാർമിക മൂല്യങ്ങൾ ചോദ്യം ചെയ്യപ്പെടേണ്ടതാണെന്നും അദ്ദേഹം പറഞ്ഞു. പണം, അധികാരം, അക്രമം എന്നിവയിലൂടെ അരാജകത്വം സൃഷ്ടിക്കാൻ ശ്രമിക്കുന്ന രാഷ്ട്രീയ സംസ്കാരത്തെയും പാർട്ടികളിലെ യുവജനങ്ങളെ ഉപയോഗിച്ച് സഭാനേതൃത്വത്തെ അവഹേളിക്കാനും സ്ഥാപനങ്ങൾ തകർക്കാനും ശ്രമിക്കുന്നതിനെയും അസംബ്ലി അപലപിച്ചു. നയവിശദീകരണ യോഗത്തിൽ കെ. ആർ. എൽ. സി. സി പ്രസിഡന്റ് ആർച്ച് ബിഷപ് ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ, വൈസ് പ്രസിഡന്റ് ബിഷപ് ഡോ. വിൻസന്റ് സാമുവൽ, ബിഷപ് ഡോ. സ്റ്റാൻലി റോമൻ, ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ, ജനറൽ സെക്രട്ടറി ഫാ. സ്റ്റീഫൻ ജി. കുളക്കായത്തിൽ എന്നിവർ പങ്കെടുത്തു. നയപ്രഖ്യാപനം നിരീക്ഷിക്കാൻ മഫ്തിയിൽ പോലീസുകാർ എത്തിയത് ശ്രദ്ധേയമായി.

02. **സഭകളുമായുളള ചർച്ചയ്ക്ക് കളമൊരുങ്ങിയില്ല; വിദ്യാഭ്യാസ രംഗത്ത് അനിശ്ചിതത്വം.**

(Malayalam Manorma 07-08-2007)

വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഇന്റർ ചർച്ച് കൗൺസിൽ ഫോർ എജ്യൂക്കേഷനും സർക്കാരുമായി ഫലപ്രദമായ ചർച്ചയ്ക്ക് ഇനിയും കളമൊരുങ്ങിയില്ല. മുൻ മന്ത്രി പി. ജെ ജോസഫും മന്ത്രി ടി. യു കുരുവിളയും മധ്യസ്ഥരായി മുന്നോട്ട് വന്നെങ്കിലും ഇവരുടെ ശ്രമങ്ങൾക്ക് ഫലമുണ്ടായില്ലെന്നാണ് സൂചന. മന്ത്രിമാരായ എം. എ ബേബി, ബിനോയ് വിശ്വം, എം. വിജയകുമാർ തുടങ്ങിയവർ ബിഷപ്പുമാരായി ഇടയ്ക്കിടെ ചില ചർച്ചകൾ നടത്തുന്നുണ്ടെങ്കിലും സഭകൾ ചൂണ്ടിക്കാട്ടിയ പ്രശ്നങ്ങളെല്ലാം പരിഹാരമില്ലാതെ തുടരുകയാണെന്ന് ഇന്റർ ചർച്ച് കൗൺസിൽ പ്രതിനിധികൾ പറയുന്നു. പ്രശ്നം പരിഹരിച്ചെന്നു മന്ത്രി ബേബി ഏകപക്ഷീയമായി പ്രഖ്യാപിക്കുന്നതിൽ കൗൺസിൽ പ്രതിഷേധവും അറിയിച്ചിരുന്നു. ന്യൂനപക്ഷങ്ങൾ ആവശ്യപ്പെടുന്ന കാര്യങ്ങളെല്ലാം അംഗീകരിക്കാനാവില്ലെന്നും അധ്യാപകർ പളളിയിൽ പോകാതിരിക്കാനാണ് ഞായർ തോറും അധ്യാപക പരിശീലനം നടത്തുന്നതെന്നു ചിലർ പ്രചരിപ്പിക്കുന്നെന്നും കഴിഞ്ഞ ദിവസം മന്ത്രി ബേബി പറഞ്ഞതു നല്ല സൂചനയായി സഭകൾ കാണുന്നില്ല.

പല കാര്യങ്ങളും ചെയ്യാമെന്നു പറയുന്നതല്ലാതെ സർക്കാർ നടപ്പാക്കുന്നില്ല എന്നതാണു പ്രധാന പരാതി. ഓരോ പ്രശ്നവും വരുമ്പോൾ നീതി ലഭിക്കണമെങ്കിൽ വൻ തുക മുടക്കി കോടതിയിൽ പോയി സർക്കാരിനെതിരെ കേസ് കൊടുക്കേണ്ടി വരുന്നു. ഇതുവരെ ഇരുപതോളം കേസുകൾ ഇങ്ങനെ നടത്തി. എല്ലാ കേസിലും സർക്കാർ തോൽക്കുകയും ചെയ്തു. ഇനി ഇങ്ങനെ സ്ഥിരമായി കേസ് നടത്താനാവില്ലെന്നു കൗൺസിൽ പ്രതിനിധികൾ പറഞ്ഞു. സ്വാശ്രയ കോളേജ് പ്രശ്നമാണ് സർക്കാരും സഭകളുമായുളള അഭിപ്രായഭിന്നതയുടെ പ്രധാന കാരണം. സർക്കാരുമായി കരാർ ഒപ്പിടാത്ത 10 കത്തോലിക്കാ എൻജിനീയറിങ് കോളേജുകളിൽ ക്ലാസ് തുടങ്ങി കഴിഞ്ഞു. നാലു ക്രിസ്ത്യൻ മെഡിക്കൽ കോളേജുകളിലേക്കുളള പ്രവേശനം വൈകാതെ നടക്കുന്നതോടെ ഇക്കൊല്ലത്തെ പ്രശ്നം അവസാനിച്ചേക്കും. പക്ഷെ ഇന്റർ ചർച്ച് കൗൺസിലിനുകീഴിലുളള 21 എയ്ഡഡ് കോളേജുകളിലെ പ്രിൻസിപ്പൽ നിയമനം തടഞ്ഞുവച്ചിരിക്കുകയാണ്. സഭയുടെ കോളേജുകളിൽ അധ്യാപകരെ നിയമിക്കാത്തതുമൂലം ദിവസക്കൂലിക്കു നിയമിച്ച 2100 ഗസ്റ്റ് ലക്ചറർമാരെ ആശ്രയിച്ചാണ് അധ്യാപനം. ഹയർ സെക്കൻഡറി സ്കൂളിലെ പ്രിൻസിപ്പൽ നിയമനവും തടഞ്ഞുവച്ചിരിക്കുകയാണ്. കോളേജുകളിലെ സ്റ്റാഫ് പാറ്റേൺ മാറ്റിയതിനെ തുടർന്ന് അധ്യാപക ജീവനക്കാരുടെ എണ്ണം വെട്ടിക്കുറച്ചു. എയ്ഡഡ് സ്കൂളുകളിലെ പഞ്ചായത്ത് ഭരണം മൂലം മാനേജരുടെ അധികാരങ്ങൾ പോലും നഷ്ടപ്പെടുന്ന അവസ്ഥയുണ്ട്. കോളേജുകളിൽ പുതിയ കോഴ്സ് അനുവദിക്കുന്നില്ല. സ്വാശ്രയ അടിസ്ഥാനത്തിൽ പോലും പുതിയ കോഴ്സ് അനുവദിക്കാൻ സർക്കാരിന് മടിയാണ്. ഇത്തരം പ്രശ്നങ്ങൾക്കെല്ലാം പരിഹാരമുണ്ടാക്കാതെ വെറും സൗഹൃദ ചർച്ച കൊണ്ടു മാത്രം അഭിപ്രായഭിന്നത തീരില്ലെന്നാണു സൂചന.

03. **യുവാക്കളെ തിന്മയിലേക്ക് നയിക്കുന്നു-ഡോ. സൂസപാക്യം** (Mathrubhumi 19-08-2007)

കൗമാരത്തിലെ ചക്രവാളം എന്ന പുസ്തകത്തിലൂടെ വിദ്യാർത്ഥികൾക്ക് നൽകുന്ന ലൈംഗിക വിദ്യാഭ്യാസം യുവജനങ്ങളെ നാശത്തിലേക്ക് നയിക്കുന്നുവെന്ന് തിരുവനന്തപുരം ആർച്ച് ബിഷപ് ഡോ. സൂസപാക്യം അഭിപ്രായപ്പെട്ടു. കേരള ലാറ്റിൻ കാത്തലിക് കൗൺസിലിന്റെ മൂന്നുദിവസം നീളുന്ന പത്താമത് ജനറൽ അസംബ്ലി കോട്ടപ്പുറം വികാസ് ആൽബർ ടൈൻ ആനിമേഷൻ സെന്ററിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സർക്കാരും ചില സംഘടനകളും ഇതിന്റെ ഉപദേശകരായി മുൻപന്തിയിൽ നിൽക്കുന്നു. മാതാപിതാക്കളുടെയും മതാചാര്യന്മാരുടെയും ഉപദേശങ്ങൾ പോലും ചതിക്കുഴികളാണെന്ന് പഠിപ്പിക്കുന്നു. ഇത് തിന്മയിലേക്കാണ് നയിക്കുന്നത് അദ്ദേഹം പറഞ്ഞു. മൂല്യങ്ങൾ ഉൾക്കൊണ്ട് വളരുവാനും അത് സമൂഹത്തിന് നൽകാനും യുവജനങ്ങൾക്ക് കടമയുണ്ടെന്ന് അസംബ്ലിയിൽ അധ്യക്ഷത വഹിച്ച കെ. ആർ. എൽ. സി. സി പ്രസിഡന്റ് വരാപ്പുഴ മെത്രാപ്പോലീത്ത ഡോ. ഡാനിയൽ അച്ചാരുപറമ്പിൽ പറഞ്ഞു.

ഫാ. തോമസ് വളളിയാനിപ്പുറം മുഖ്യപ്രഭാഷണം നടത്തി. കോട്ടപ്പുറം ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ, ഫാ. സ്റ്റീഫൻ ജി. കുളക്കായത്തിൽ, അഡ്വ. ആന്റണി എം. അമ്പാട്ട് തുടങ്ങിയവർ സംസാരിച്ചു. അസംബ്ലിയിൽ വിവിധ ലത്തീൻ രൂപതാ മെത്രാന്മാരായ ഡോ. ജോൺ തട്ടുങ്കൽ, ഡോ. സ്റ്റാൻലി റോമൻ, ഡോ. ജോസഫ് കളത്തിപറമ്പിൽ, ഡോ. വർഗീസ് ചക്കാലയ്ക്കൽ, ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ , ഡോ. സെബാസ്റ്റ്യൻ തെക്കത്തച്ചേരിൽ, ഡോ. ജോസഫ് കാരിക്കാശ്ശേരി, സി. ടി. സി. മദർ ജനറൽ സി. ഡാഫ്നി, കർമ്മലീത്തസഭ കൊട്ടിയം പ്രൊവിൻഷ്യൽ ഫാ. വിൽഫ്രഡ് എന്നിവരും 11 രൂപതകളിലെയും വികാരി ജനറൽമാർ, വൈദികർ, സന്യസ്ത അൽമായ സംഘടനാ പ്രതിനിധികളും പങ്കെടുക്കുന്നുണ്ട്. മോൺ. സെബാസ്റ്റ്യൻ കുന്നത്തൂർ, ഫാ. ജോൺസൺ പങ്കേത്ത്, ജോയ് ഗോതുരത്ത്, അഡ്വ. അഞ്ജലി സൈറസ്, അഡ്വ. റാഫേൽ ആന്റണി, അലക്സ് താളൂപ്പാടത്ത്, അഗസ്റ്റിൻ പനച്ചിക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

04. **<u>ദീപിക ദിനപത്രം സഭയ്ക്ക് തിരികെ നൽകാൻ തീരുമാനം</u>** (Mangalam 20-08-2007)

ദീപിക ദിനപത്രവുംകോട്ടയം ഓഫീസും കുട്ടികളുടെ ദീപികയും ദീപിക ബാലസഖ്യവും കത്തോലിക്കാ സഭയ്ക്ക് വിട്ടുകൊടുക്കാൻ തീരുമാനം. ഇന്നലെ കനത്ത പോലീസ് കാവലിൽ കോട്ടയത്ത് നടന്ന രാഷ്ട്രദീപിക ലിമിറ്റഡ് വാർഷിക പൊതുയോഗത്തിലാണ് തീരുമാനം ഉായത്. എന്നാൽ ദീപികയുടെ ഇപ്പോഴത്തെ ഷെയറിൽ 52 ശതമാനം ഉടമസ്ഥാവകാശമുള്ള എം. എ ഫാരിസിന്റെ തീരുമാനമാണ് വാർഷിക ജനറൽ ബോഡി മീറ്റിംഗിൽ നടപ്പാക്കുന്നതെന്നാരോപിച്ച് യോഗത്തിൽ സഭാവിശ്വാസികളായ ഓഹരി ഉടമകളിൽ ഭൂരിപക്ഷം പേരും വോട്ടിങ്ങിൽ പങ്കെടുക്കാതെ മടങ്ങി. മടങ്ങിയവർ ദീപികയുടെ മുൻ ചെയർമാൻ മാർ അറയ്ക്കലിനെതിരെയും ഇപ്പോഴത്തെ ചെയർമാൻ ഫാരിസിനെതിരെയും രോഷപ്രകടനം നടത്തി. സഭാ വിശ്വാസികളുടെ ആസ്തിയും ശബ്ദവുമായിരുന്ന ദീപിക വിറ്റു തുലച്ചത് മാർ മാത്യു അറയ്ക്കലും ഫാരിസും ചേർന്നാണെന്നായിരുന്നു വിശ്വാസികളായ ഓഹരി ഉടമകളുടെ ആരോപണം. ദീപിക കൈമാറുന്നതുൾപ്പെടെ അഞ്ച് പ്രമേയങ്ങളാണ് യോഗത്തിൽ അവതരിപ്പിച്ചത്. വോട്ടിംഗിൽ 890 ഓഹരി മൂല്യങ്ങൾ അനുകൂലമായപ്പോൾ 135 ഓഹരി മൂല്യങ്ങൾ എതിർത്ത് വോട്ടു ചെയ്തു. ഓഹരി ഉടമകളുടെ എതിർപ്പിനെ തുടർന്ന് കോട്ടയത്തെ രജിസ്റ്റേർഡ് ഓഫീസ് കൊച്ചിയിലേക്ക് മാറ്റാനുള്ള പ്രമേയം ഒടുവിൽ പിൻവലിച്ചു. ഡയറക്ടർ ബോർഡിലേക്ക് ജോസ് കുട്ടൻ, പോൾ പി. ജോൺ, കെ. മണി എന്നിവരെ നിയമിച്ചുകൊുള്ള പ്രമേയവും വോട്ടിംഗിൽ പാസ്സാക്കി. ദീപിക എം. ഡി ഫാ. വടക്കുംചേരിയാണ് പ്രമേയങ്ങൾ അവതരിപ്പിച്ചത്. ഫാരിസ് എത്താതിരുന്നതിനെ തുടർന്ന് വൈസ് ചെയർമാനായ രഞ്ജി പണിക്കരുടെ അധ്യക്ഷതയിലാണ് യോഗം നടന്നത്. സ്വകാര്യ സെക്യൂരിറ്റി ഉദ്യോഗസ്ഥരെയും യോഗം നടന്ന ഇന്ദ്രപ്രസ്ഥം ഓഡിറ്റോറിയത്തിലും സമീപ പ്രദേശങ്ങളിലുമായി വിന്യസിച്ചിരുന്നു. യോഗം കഴിഞ്ഞ് മടങ്ങിയ ഷെയർ ഉടമകളുടെ അഭിമുഖം എടുക്കാനെത്തിയ മാധ്യമപ്രവർത്തകരെ തടയാൻ സ്വകാര്യ സെക്യൂരിറ്റിക്കാർ ശ്രമിച്ചത് അൽപനേരം സംഘർഷത്തിനിടയാക്കി.

05. **<u>എയ്ഡ്സ് : 6 മാസത്തിനിടെ മരിച്ചത് 94 പേർ</u>** (Deshabhimani 20-08-2007)

സംസ്ഥാനത്ത് ആറുമാസത്തിനിടയിൽ എയഡ്സ് മൂലം മരിച്ചത് 94 പേർ. 2007 ജൂൺ വരെ എയ്ഡ്സ് ബാധിതരായ 73 പുരുഷന്മാരും 20 സ്ത്രീകളും ഒരു കുട്ടിയും മരിച്ചതായി എയ്ഡ്സ് കൺട്രോൾസൊസൈറ്റിയുടെ കണക്കുകൾ പറയുന്നു. സംസ്ഥാനത്ത് ആകെ എയ്ഡ്സ് ബാധിച്ച് മരിച്ചത് 915 പേരാണ്. 2006-ൽ 28,094 പേരും 2005 ൽ 8287 പേരും എച്ച്. ഐ. വി പരിശോധന നടത്തി. എച്ച്. ഐ. വി നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി എയ്ഡ്സ് കൺട്രോൾ സൊസൈറ്റി സജ്ജീകരിച്ചിട്ടുള്ള വിവിധ സേവന കേന്ദ്രങ്ങൾ ഉപയോഗിച്ചവരുടെ എണ്ണത്തിൽ വർധനയുായി. കൗൺസിലിംഗ് കേന്ദ്രമായ ജ്യോതിസിൽ എച്ച്. ഐ. വി പരിശോധന ലഭ്യമാണ്. കഴിഞ്ഞ വർഷം സ്നേഹ കേന്ദ്രങ്ങളിൽ 49535 ഗർഭിണികൾ എച്ച്. ഐ. വി പരിശോധനയ്ക്ക് തയ്യാറായി. 2005 ൽ ഇത് 17579 ആയിരുന്നു. അണുബാധിതരായ 69 ഗർഭണികളുടെ പ്രസവം സ്നേഹകേന്ദ്രങ്ങളിൽ നടത്തി. 2005ൽ ഇത് 31 ആയിരുന്നു. എച്ച്. ഐ. വി, എയ്ഡ്സ് സംബന്ധിച്ച ടെലി കൗൺസിലിംഗ് സംവിധാനത്തിന്റെ സേവനം ഒരു വർഷത്തിനകം 15540 പേർ ഉപയോഗിച്ചു. സംസ്ഥാനത്ത് എച്ച്. ഐ. വി അണുബാധിതരുടെ എണ്ണം കുറഞ്ഞു വരുന്നു്. രാജ്യത്ത് 25 ലക്ഷം എച്ച്. ഐ. വി അണുബാധിതരുള്ളപ്പോൾ കേരളത്തിൽ 24831 പേരെയുള്ളു. ഇതിൽ എയ്ഡ്സ് രോഗികളുടെ എണ്ണം 4432 ആണ്. മയക്ക്മരുന്ന് കുത്തി വയ്ക്കുന്നവർക്കിടയിൽ എച്ച്. ഐ. വി അണുബാധിതരുടെ എണ്ണം കൂടി വരുന്നു്. ഏറ്റവുമധികം എച്ച്. ഐ. വി അണുബാധ സാന്ദ്രതയുള്ളത് ഇവർക്കിടയിലാണ്, 9.57 ശതമാനം. 2005ൽ ഇത് 5.19ശതമാനമായി.

06. **<u>77 ശതമാനവും ജീവിക്കുന്നത് 20 രൂപയ്ക്ക്</u>** (Deshabhimani 10-08-2007)

ജനസംഖ്യയിൽ 77 ശതമാനം പേർക്കും ഒരുദിവസം ജീവിതചെലവിന് കിട്ടുന്നത് 20 രൂപയിൽ താഴെ. അസംഘടിത മേഖലയിലെ 79 ശതമാനം തൊഴിലാളികളുടെയും പ്രതിദിന വരുമാനം 20 രൂപയിൽ താഴെയും അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ജീവിതാവസ്ഥയെക്കുറിച്ച് പഠിച്ച ദേശീയ കമ്മീഷൻ റിപ്പോർട്ടിലാണ് ഈ വിവരം. കുതിച്ചുയരുന്ന ഇന്ത്യൻ സമ്പദ്വ്യവസ്ഥയും കൊട്ടിഘോഷിക്കപ്പെടുന്ന വളർച്ചാനിരക്കും ജനസംഖ്യയിൽ 89.6 കോടി ജനങ്ങളെ സ്പർശിക്കുന്നേയില്ലെന്ന് റിപ്പോർട്ട് വിലയിരുത്തി. തൊഴിൽ ശക്തിയുടെ 86 ശതമാനവും അസംഘടിതമേഖലയിലാണ്. ഇവരുടെ എണ്ണം 39.49 കോടി. ഇതിൽ 64 ശതമാനവും കാർഷിക മേഖലയിൽ.

87 ശതമാനം സ്ത്രീ തൊഴിലാളികൾക്ക് മിനിമം വേതനമില്ലെന്ന് റിപ്പോർട്ടിൽ പറയുന്നു. കെട്ടിടനിർമ്മാണ മേഖലയിൽ 56 ശതമാനം പുരുഷന്മാരും 39 ശതമാനം സ്ത്രീകളും താല്ക്കാലിക തൊഴിലാളികളാണ്. അസംഘടിത മേഖലയിലെ തൊഴിലാളികളിൽ 20 ശതമാനം ദാരിദ്ര്യരേഖയ്ക്ക് താഴെയത്രെ. ഇന്ത്യയിലെ മൊത്തം തൊഴിലിൽ 57 ശതമാനവും കാർഷിക മേഖലയിലാണ്.ഗ്രാമീണ മേഖലയിൽ 73 ശതമാനവും. ഇവരിൽ 28 ശതമാനം ദാരിദ്ര്യരേഖയ്ക്ക് താഴെ. കർഷക തൊഴിലാളികളിൽ 96 ശതമാനവും ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ളവരോ ഭൂമിയില്ലാത്തവരോ ആണ്. അസംഘടിത മേഖലയിൽ സ്ത്രീകളോടുള്ള വിവേചനം കടുത്തതാണെന്ന് റിപ്പോർട്ടിൽ പറയുന്നു. ഗ്രാമീണ മേഖലയിൽ പുരുഷ തൊഴിലാളികളുടെ ശരാശരി പ്രതിദിന വരുമാനം 55 രൂപയാണെങ്കിൽ സ്ത്രീകൾക്ക് 35 രൂപ മാത്രമാണ്. നഗര പ്രദേശങ്ങളിൽ ഇത് യഥാക്രമം 74, 44 എന്നിങ്ങനെയാണ്. എറണാകുളത്തെ വ്യാപാര സ്ഥാപനങ്ങളിൽ സ്ഥിരം തൊഴിലാളികളായി ജോലിയിൽ കയറുന്ന സ്ത്രീകൾക്ക് വിവാഹം വരെ മാത്രമേ തൊഴിൽ ലഭിക്കുന്നുള്ളു.

അസംഘടിത മേഖലയിലെ തൊഴിലാളികളെ സംബന്ധിച്ച നിയമങ്ങൾക്ക് ഏകീകൃത രൂപമില്ലെന്നും റിപ്പോർട്ടിൽ കുറ്റപ്പെടുത്തുന്നു. നിയമങ്ങളുള്ള സ്ഥലങ്ങളിൽ കർശനമായി നടപ്പാക്കാൻ സംവിധാനമില്ല. കേരളത്തിൽ അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായുള്ള നിയമങ്ങൾ നന്നായി നടപ്പാക്കുന്നുണ്ടെന്നും ക്ഷേമ പദ്ധതികൾ ഏറെക്കുറെ പ്രയോജനപ്പെടുന്നുണ്ടെന്നും കമ്മീഷൻ ചെയർമാൻ ഡോ. അർജുൻ സെൻ ഗുപ്ത പറഞ്ഞു. ഭൂപരിഷ്ക്കരണത്തിലും കേരളത്തിന്റെ നേട്ടം മാതൃകപരമാണെന്ന് അദ്ദേഹം പറഞ്ഞു.

### 07. ചിക്കുൻ ഗുനിയ പഠനത്തിന് സമിതി (Mathrubhumi 21-08-2007)

ഇതുവരെ കണ്ടിട്ടില്ലാത്ത പല രോഗലക്ഷണങ്ങളും ഇപ്പോഴത്തെ പകർച്ചപനിയ്ക്കും ചിക്കൻ ഗുനിയയ്ക്കും കാണുന്നതിനാൽ ഇതേക്കുറിച്ച് പഠിക്കാൻ, അസോസിയേഷൻ ഓഫ് ഫിസിഷ്യൻ ഓഫ് ഇന്ത്യയുടെ കേരള ഘടകം വിദഗ്ദ്ധ സമിതിയെ നിയോഗിച്ചു. അസോസിയേഷന്റെ കൊച്ചിയിൽ നടന്ന വാർഷിക യോഗത്തിലാണ് കോട്ടയം മെഡിക്കൽ കോളേജിലെ ഇൻഫെക്ഷ്യസ് ഡിസീസ് ഡിപ്പാർട്ട്മെന്റ് പ്രൊഫ. ഡോ. സജിത്ത്കുമാറിന്റെ നേതൃത്വത്തിൽ പത്തംഗ വിദഗ്ദ്ധ സമിതിയെ പഠനം നടത്താൻ ചുമതലപ്പെടുത്തിയത്. വാർഷിക യോഗത്തിൽ നടന്ന ചർച്ചയിൽ ഇപ്പോൾ സംസ്ഥാനത്ത് പടർന്നുപിടിച്ചിരിക്കുന്ന സാംക്രമിക രോഗത്തിന് മെഡിക്കൽ ശാസ്ത്രത്തിൽ നിർവചിക്കപ്പെടാത്ത തരം രോഗലക്ഷണങ്ങൾ ഉണ്ടെന്ന കാര്യം പൊതുവേ ഡോക്ടർമാർ ഉന്നയിച്ചു. തുടർന്നാണ് വിവിധ ജില്ലകളിലെ ഫിസിഷ്യൻമാരെ ഉൾപ്പെടുത്തി പഠനം നടത്താനായി വിദഗ്ദ സമിതിയെ നിയോഗിച്ചത്. രോഗം പടർന്നുപിടിക്കുന്നത് തടയൽ, രോഗം വരാതിരിക്കുന്നതിന് മുൻകരുതൽ സ്വീകരിക്കൽ, ചികിൽസ എപ്രകാരമായിരിക്കണം എന്നീ കാര്യങ്ങൾക്ക് സർക്കാർ, ഡോക്ടർമാർ, രോഗികൾ എന്നിവർക്ക് മാർഗരേഖ തയ്യാറാക്കലാണ് സമിതിയെ ഏല്പിച്ചിരിക്കുന്ന ദൗത്യം. 18,19 തീയതികളിൽ നടന്ന യോഗം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ഡയറക്ടർ ഡോ. പ്രേം നായർ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ആജീവനാന്ത സംഭാവനയ്ക്കുള്ള അവാർഡ്, ആലപ്പുഴ മെഡിക്കൽ കോളേജിലെ മുൻ പ്രൊഫസറും ലോകാരോഗ്യ സംഘടനയുടെ നേതൃത്വത്തിൽ ആലപ്പുഴ മെഡിക്കൽ കോളജിൽ നടത്തുന്ന മന്തു രോഗ ഗവേഷണ വിഭാഗത്തിന്റെ തലവനുമായ പ്രൊഫസർ ആർ. കെ ഷേണായിക്ക് പ്രൊഫ. കെ.വി കൃഷ്ണദാസ് (തിരുവന്തപുരം) സമ്മാനിച്ചു. ഫിസിഷ്യൻസ് അസോസിയേഷൻ കേരള ഘടകം പ്രസിഡന്റ് ഡോ. സി. എ. അബ്ദുൾ ലത്തീഫ്, സെക്രട്ടറി ഡോ. ടി. കെ സുമ, ഓർഗനൈസിങ് സെക്രട്ടറി ഡോ. ഗണപതി റാവു എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

19 ന് നടന്ന തുടർ വിദ്യാഭ്യാസ പരിപാടിയിൽ ചിക്കുൻ ഗുനിയയു മറ്റ് പകർച്ചവ്യാധികളും ഉയർത്തുന്ന പ്രശ്നത്തെക്കുറിച്ച് ആലപ്പുഴ മെഡിക്കൽ കോളേജിലെ ഡോ. പ്രകാശൻ, ഡോ. വിജയകുമാർ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.